(എ) സംസ്ഥാനത്തെ ട്രൈബൽ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ പുതുതായി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പ്ലസ്ടു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് അവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തിപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സ്കൂളുകളിലെ കുറവുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് കൊഴിഞ്ഞുപോകുന്നത് തടയുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

1. പ്രീമെട്രിക് ഹോസ്റ്റലുകൾ സ്ഥാപിച്ച് കുട്ടികളെ പഠിപ്പിക്കുന്നു.

2. പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടർ, വേട്ടുവൻ, നായാടി, കരിമ്പാലൻ, മാവിലൻ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമെ പ്രതിമാസ സ്റ്റൈപ്പന്റ് നൽകിവരുന്നു.

3. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽപ്പെട്ട കൊഴിഞ്ഞുപോയവരെ കണ്ടെത്തി തിരികെ സ്കൂളിൽ ചേർത്ത് പഠനം തുടരുന്നതിന് ധനസഹായം അനുവദിച്ച് നൽകിവരുന്നു.

4. കൂടാതെ ബോധവൽക്കരണ പരിപാടികളും ക്യാമ്പുകളും നടത്തുക, രക്ഷിതാക്കൾക്ക് പ്രോത്സാഹനം നൽകുക, കുട്ടികൾക്ക് വസ്ത്രം, കുട, സ്കൂൾബാഗ്, ചെരുപ്പ് മുതലായവ വിതരണം ചെയ്യുക എന്നീ പരിപാടികൾ നടത്തിവരുന്നു.

15 (2393) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ഐ.ടി.സികൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ എത്ര തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (ഐ.ടി.സി) നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കുട്ടികൾക്ക് ഇപ്പോൾ പരിശീലനം നൽകുന്നുണ്ട് എന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടി പുറത്തു വരുന്നവർക്ക് സ്വയം തൊഴിൽ ചെയ്യാൻ വേണ്ടി സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(ഡി) പ്രധാനപ്പെട്ട ഐ.ടി.സികൾ, ഐ.ടി.ഐ.കൾ ആക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) വർക്കല മണ്ഡലത്തിലെ ശ്രീനിവാസപുരം കോളനിയിൽ പ്രവർത്തിക്കുന്ന ഐ.ടി.സി യോടനുബന്ധിച്ച് കമ്പ്യൂട്ടർ പരിശീലന കേന്ദ്രം കൂടി ആരംഭിക്കാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ ആകെ 42 ഐ.ടി.സി.കൾ ഉണ്ട്.

(ബി) 1304 വിദ്യാർത്ഥികൾക്ക് ഇപ്പോൾ പരിശീലനം നൽകുന്നുണ്ട്.

(സി) എംപ്ലോയ്മെന്റ്-കം-ട്രെയിനിംഗ് സ്കീം, അഡീഷണൽ അപ്രന്റീസ് സ്കീം എന്നീ പദ്ധതികൾ കോഴ്സ് തീരുന്നവർക്കായി പട്ടികജാതിവികസന വകുപ്പ് നടപ്പിലാക്കിവരുന്നു;

(ഡി) എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പ് നടത്തുന്ന സ്ഥാപനങ്ങളെ ഐ.ടി.ഐ. എന്നും മറ്റ് സ്ഥാപനങ്ങളെ ഐ.ടി.സി. എന്നും ആണ് നാമകരണം ചെയ്തിരിക്കുന്നത്. രണ്ട് സ്ഥാപനങ്ങളിൽ നിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് എൻ.സി.വി.റ്റി.യുടെ സർട്ടിഫിക്കറ്റ് തന്നെയാണ് നൽകുന്നത്. ആയതിനാൽ പ്രധാനപ്പെട്ട ഐ.ടി.സി.കൾ ഐ.ടി.ഐ.കളാക്കി മാറ്റേണ്ട ആവശ്യം വരുന്നില്ല.

(ഇ) പരിശോധിക്കുന്നതാണ്.

16 (2394) സ്കൂൾ ഡ്രോപ്പ് ഔട്ടുകൾക്കായുള്ള പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പോലുള്ള പിന്നോക്ക ജില്ലകളിൽ സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ ഡ്രോപ്ഔട്ടായിപ്പോയ ഹരിജൻ/ഗിരിജൻ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ ഹോസ്റ്റലുകളിൽ പാർപ്പിച്ച് എസ്.എസ്.എൽ.സി. പരീക്ഷ പ്രൈവറ്റായി പാസ്സാക്കുവാൻ അവസരമുണ്ടാക്കുന്ന ഒരു പദ്ധതി ആരംഭിക്കുന്നതിനെ കുറിച്ച് പഠിക്കുമോ;

(ബി) എസ്.എസ്.എൽ.സി. മുതൽ മുകളിലോട്ടുള്ള പരീക്ഷകളിൽ പരാജിതരായി പഠനം ഉപേക്ഷിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രസ്തുത പരീക്ഷകൾ പാസ്സാക്കുവാൻ ബോർഡിംഗും ലോഡ്ജിംഗും നൽകികൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) പാലക്കാട്/കൊല്ലം ജില്ലകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'ഗിരിവികാസ്' എന്ന പദ്ധതി പ്രകാരം എസ്.എസ്.എൽ,സി. തോറ്റവർക്ക് ബോർഡിംഗ്/ലോഡ്ജിംഗ് സൗകര്യങ്ങൾ നൽകി പരീക്ഷ എഴുതുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly